# പട്ടികജാതി വികസന കരട് നയം

## ആമുഖം

ചരിത്രപരമായ കാരണങ്ങളാൽ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നിലായിപ്പോയ ജനവിഭാഗത്തെ സമൂഹത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങൾ ലളിതമായി മനസ്സിലാക്കപ്പെടേണ്ടതല്ല. ഭാരതത്തിന്റെ ഭരണ ഘടനാ നിർമ്മാണ വേളയിൽതന്നെ പാർശ്വവൽക്കൃത ജനതയെ എങ്ങനെ മുഖ്യധാരയിലെത്തിക്കണം എന്നത് വിശദമായി ചർച്ച ചെയ്തിരുന്നു.

ഭരണ ഘടനയുടെ 341-ാം അനുഛേദത്തില് ഉൾപ്പെടുത്തിയിരിക്കുന്ന പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പതിറ്റാണ്ടുകളായുള്ള പ്രവർത്തനങ്ങളുടെ ഫലമായി പട്ടിക വിഭാഗ ജനങ്ങളുടെ അവസ്ഥ ഏറെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും മുഖ്യധാരസമൂഹവുമായി തുലനം ചെയ്യുമ്പോൾ ഇനിയും ലക്ഷ്യത്തിലെത്തിയിട്ടില്ലെന്ന് വ്യക്തമാകുന്നു. പട്ടികജാതി വിഭാഗങ്ങൾക്കായി സംസ്ഥാന സർക്കാര് നിരവധി പദ്ധതികള് നടപ്പിലാക്കിവരുന്നു. പലപ്പോഴും പ്രസ്തുത പദ്ധതികളെക്കുറിച്ച് താഴെത്തട്ടിൽ വേണ്ടത്ര അറിവ് ലഭ്യമല്ലെന്ന് ലക്ഷ്യപ്രാപ്തിക്ക് പരിമിതി സൃഷ്ടിക്കുന്നു. നിരന്തരമായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലൂടെ മാത്രമേ ലക്ഷ്യ ജനവിഭാഗങ്ങളിൽ ഇത്തരം അറിവ് എത്തിക്കാനാവൂ.

ഇതിലേയ്ക്കായി സമൂഹത്തിലെ ഏറ്റവും പിന്നോക്ക ദുർബല ജനവിഭാഗമായ പട്ടികജാതിക്കാരുടെ പുരോഗതി ലക്ഷ്യമാക്കി നൂതനമായ കർമ്മപരിപാടികള് ആവിഷ്ക്കരിച്ച് ഈ വിഭാഗത്തിന്റെ പിന്നോക്കാവസ്ഥയും അവശതകളും പരിഹരിക്കുന്നതിനും സർക്കാർ നടപ്പിലാക്കുന്ന വികസന ക്ഷേമ പരിപാടികളുടെ പ്രയോജനങ്ങള് പൂർണ്ണമായും ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുമായി കാലാനുസൃതമായ ഒരു നയം രൂപീകരിക്കേണ്ടത് അനിവാര്യമാണ്.

## നിർവചനം

പട്ടികജാതി വികസന നയത്തിന്റെ ആവശ്യത്തിലേക്കായി പട്ടികജാതിക്കാർ എന്നതിനെ ഇപ്രകാരം നിർവചിക്കുന്നു.

ഇന്ത്യന് ഭരണഘടനയുടെ 341-ാം ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ള സമുദായങ്ങളെ പട്ടികജാതിക്കാർ എന്ന് നിർവചിക്കുന്നു.

കുട്ടികളുടെ അവകാശ പ്രഖ്യാപന ഉടമ്പടി, ബാലനീതി നിയമം എന്നിവ പ്രകാരം 18 വയസ്സിനു താഴെയുള്ള എല്ലാവരെയും കുട്ടികൾ എന്ന് നിർവചിക്കുന്നു.

ഗർഭിണികള്, മുലയൂട്ടുന്ന അമ്മമാർ എന്നിവരെ അമ്മമാരായി നിർവചിക്കുന്നു.

60 വയസ്സിനു മുകളിലുള്ള ജനവിഭാഗത്തെ വൃദ്ധർ (പ്രായമുള്ളവർ)എന്ന് നിർവചിക്കുന്നു.

## വീക്ഷണം

പട്ടികജാതി വിഭാഗക്കാരുടെ പിന്നോക്കാവസ്ഥയും അവശതകളും പരിഹരിക്കുന്നതിനും സർക്കാര് നടപ്പിലാക്കുന്ന വികസന ക്ഷേമ പദ്ധതികളുടെ പ്രയോജനങ്ങള് പൂർണ്ണമായും ഈ വിഭാഗത്തിന് ലഭിക്കുന്നതിനും സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതി ജനവിഭാഗത്തെ ഇതര വിഭാഗങ്ങൾക്കൊപ്പം പുരോഗതിയിലേക്ക് നയിക്കുന്നതിനും.

## വെല്ലുവിളികൾ

സുസ്ഥിര വികസനത്തിനും മെച്ചപ്പെട്ട ജീവിത സാഹചര്യത്തിനും ഊന്നല് നൽകി ആരോഗ്യകരവും സന്തോഷപ്രദവുമായ ജീവിതം നയിക്കുവാനുള്ള സാഹചര്യം ഒരുക്കുക.

# പട്ടികജാതി വിഭാഗക്കാരുടെ അവസ്ഥാ വിശകലനം

## ശക്തി

- വർദ്ധിച്ച് വരുന്ന വിദ്യാഭ്യാസ അവബോധം
- സാമൂഹ്യ-രാഷ്ട്രീയ അവബോധം
- കലാ കായിക മേഖലയിലെ മികവ്
- വിവിധ തൊഴിൽ മേഖലകളില് ജോലി ചെയ്യുന്നതിനുള്ള സന്നദ്ധത
- ഇതര സമൂഹങ്ങളുമായി ഇഴുകി ചേരുന്നതിനുള്ള കഴിവ്.

## ദൗർബല്യങ്ങൾ

- പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ
- വായനാശീലത്തിന്റെ കുറവ്
- സമുദായങ്ങളിലെ ഭിന്നത, ഐക്യമില്ലായ്മ

## മുൻഗണന അർഹിക്കുന്ന വിഭാഗം

- കുട്ടികള്
- യുവാക്കൾ
- അമ്മമാർ/അവിവാഹിതരായ അമ്മമാർ
- 60 വയസ്സിന് മേൽ പ്രായമുള്ളവര്
- വിധവകൾ/അനാഥർ/മാതാപിതാക്കൾ ഇല്ലാത്ത കുട്ടികള്
- ഭർത്താവ് ഉപേക്ഷിച്ച പുനർവിവാഹിതരല്ലാത്ത സ്ത്രീകള്.
- ഭിന്നശേഷിയുള്ളവർ
- തൊഴിൽ രഹിതര്
- മാരകമായ അതിക്രമങ്ങൾ/പീഡനങ്ങൾക്ക് ഇരയായവര്
- പ്രകൃതിദുരന്തങ്ങൾക്ക് ഇരയായവര്

## പട്ടികജാതി വികസന നയം

സമൂഹത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന ദുർബല ജനവിഭാഗമായ പട്ടികജാതിക്കാരുടെ പുരോഗതി ലക്ഷ്യമാക്കി നൂതനമായ കർമ്മപരിപാടികള് ആവിഷ്കരിച്ച് ഈ വിഭാഗത്തിന്റെ പിന്നോക്കാവസ്ഥയും അവശതകളും പരിഹരിക്കുന്നതിനും സർക്കാരുകള് നടപ്പിലാക്കുന്ന വികസന ക്ഷേമ പരിപാടികളുടെ പ്രയോജനങ്ങൾ പൂർണ്ണമായും ലഭിക്കുന്നത് ഉറപ്പു വരുത്തുന്നതിനും കുട്ടികളുടെയും, അമ്മമാരുടെയും, പ്രായമായവരുടെയും

വിഷയങ്ങൾക്ക് പ്രത്യേക പരിഗണന നൽകികൊണ്ട് പട്ടികജാതി വിഭാഗക്കാരുടെ ത്വരിതഗതിയിലുള്ളതും സമ്പൂർണ്ണവുമായ വളർച്ചയാണ് ഈ നയത്തിലൂടെ ലക്ഷ്യമാക്കുന്നത്.

കുടുംബങ്ങളുടെ വികസനവും, വിദ്യാഭ്യാസ, സാമൂഹിക സാമ്പത്തിക വികസനവും ഉറപ്പ വരുത്തി, സമഗ്ര വികസനം സാദ്ധ്യമാക്കുക എന്നതാണ് ഈ നയത്തിന്റെ പൊതുവായ സമീപനം.

സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായി ത്വരിതഗതിയിലുള്ളതും സമ്പൂർണ്ണമായതുമായ വളർച്ച ഉറപ്പ വരുത്തുക എന്നതാണ് പട്ടികജാതി വികസന നയത്തിന്റെ പ്രയോഗതന്ത്രം. ആരോഗ്യ – വിദ്യാഭ്യാസ, സാമൂഹ്യ – സാംസ്കാരിക മേഖലകളില് പട്ടികജാതി വിഭാഗത്തിന് മുന്നേറാനുള്ള പാത തെളിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ നയം രൂപപ്പെടുത്തിയത്.

## ലക്ഷ്യങ്ങൾ

### വിദ്യാഭ്യാസം

- പ്രാഥമിക വിദ്യാഭ്യാസരംഗത്ത് മെച്ചപ്പെട്ട പ്രോത്സാഹനവും മാർഗ്ഗ നിർദ്ദേശവും, ആനുകൂല്യങ്ങളും ഉറപ്പാക്കുക.
- തുടർ വിദ്യാഭ്യാസത്തിന് മതിയായ നിർദ്ദേശങ്ങളും പ്രചരണവും പിന്തുണയും നല്കുക.
- ഉന്നത വിദ്യാഭ്യാസത്തിനുള്ള സാഹചര്യം സൃഷ്ടിക്കുക.
- തൊഴിൽ പരിശീലനം വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുക.
- വിദ്യാഭ്യാസത്തിന്റെ ആവശ്യകത സംബന്ധിച്ച് ബോധവത്ക്കരിക്കുക.
- വിദ്യാഭ്യാസത്തിലൂടെ നേതൃനിരകളിലേക്ക് ഉയർത്തുക.
- വിദ്യാഭ്യാസ മേഖലയിൽ ഉന്നത വിജയം നേടുന്നവർക്ക് പ്രോത്സാഹനവും, സാമ്പത്തിക സഹായവും ലഭ്യമാക്കുക.
- വിദ്യാഭ്യാസത്തിലൂടെ അറിവിന്റെ ഔന്നത്യങ്ങളിലെത്താൻ വിദേശ വിദ്യാഭ്യാസ മടക്കം കരഗതമാകാൻ സൗകര്യവും പിന്തുണയും ഉറപ്പാക്കുക.

## സാമൂഹ്യക്ഷേമം

- പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് സാമ്പത്തിക സഹായം ഉറപ്പാക്കുക.
- ലക്ഷ്യ ജനവിഭാഗത്തിന് ഭൂമി, ഭവനം എന്നിവ ഉറപ്പാക്കുക.
- ഭൂമി ലഭ്യത കുറവായ പ്രദേശങ്ങളിൽ ഫ്ലാറ്റ് നിർമ്മിക്കുക.
- പട്ടിക ജാതി വിഭാഗത്തിലെ കൂടുതൽ ദുർബല വിഭാഗക്കാർക്കായി സമ്പൂർണ്ണ പുനരധിവാസ പദ്ധതി നടപ്പിലാക്കുക.
- ടോയിലറ്റ് നിർമ്മിക്കുന്നതിന് ധനസഹായം നൽകുക.
- വീടുകളുടെ അറ്റകുറ്റപണികൾക്ക് സാമ്പത്തിക സഹായം ഉറപ്പാക്കുക.
- വിവിധ കാരണങ്ങളാൽ കുടുംബമാകാത്തവര്, 30 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾ, അനാഥരായ കുട്ടികൾ, അവിവാഹിതരായ അമ്മമാർ, വൃദ്ധരായവർ തുടങ്ങിയവരുടെ സുരക്ഷിതത്വം ഉറപ്പാക്കുക.
- ശ്മശാനം ഇല്ലാത്ത കോളനികളിൽ ശ്മശാനം നിർമ്മിക്കുക.

## തൊഴിൽ

- എല്ലാവർക്കും തൊഴില് ഉറപ്പാക്കുക.
- തൊഴിൽ മേഖലയില് സംവരണം ഉറപ്പാക്കുക.
- നൂതന തൊഴിൽ മേഖലകളെക്കുറിച്ച് ബോധവാന്മാരാക്കുക.
- വിവര സാങ്കേതിക വിദ്യയുടെ ഗുണങ്ങളും തൊഴിൽ സാധ്യതകളും ബോധ്യപ്പെടുത്തി പ്രോത്സാഹിപ്പിക്കുക.
- തൊഴിൽ മേഖലയിലെ ചൂഷണം അവസാനിപ്പിക്കുക.
- സ്വയം തൊഴിൽ ചെയ്യുന്നതിന് മാർഗ്ഗനിർദ്ദേശവും പരിശീലനവും സഹായവും നൽകുക.
- വിദേശത്ത് നിയമാനുസൃതം തൊഴിൽ തേടുന്നവർക്ക് സഹായം നല്കുക.

## കുട്ടികളുടെ സംരക്ഷണം

- മുഴുവൻ കുട്ടികൾക്കും വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങള് പ്രോത്സാഹിപ്പിക്കുക.
- പ്രാരംഭ വിദ്യാഭ്യാസത്തിനും തുടർ പഠനത്തിനും ആവശ്യമായ പഠനോപകരണങ്ങള്, വസ്ത്രം, സാമ്പത്തിക സഹായം എല്ലാവർക്കും ലഭ്യമാക്കുക.
- വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളേയും രക്ഷിതാക്കളേയും ബോധവാന്മാരാക്കുക.
- ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിന് പോഷകാഹാരങ്ങള് നൽകുക.
- കൗൺസിലിംഗ് നൽകുക.
- ദുർബല വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസം കർശനമായും ഉറപ്പ വരുത്തുക.
- ബോർഡിംഗ് സ്കൂളുകള്/ഹോസ്റ്റലുകളിൽ ചേർന്ന് പഠിക്കുന്നതിന് ധനസഹായം ലഭ്യമാക്കുക.

## സ്ത്രീ ശാക്തീകരണം

- സമൂഹത്തിലും തൊഴിൽ മേഖലകളിലും, ഭവനങ്ങളിലും സ്ത്രീകൾക്ക് സുരക്ഷിതത്വവും സംരക്ഷണവും ഉറപ്പാക്കുക.
- ലൈംഗിക അതിക്രമങ്ങളും ചൂഷണങ്ങളും തടയുക.
- പ്രാദേശികമായി വീട്ടിലിരുന്ന് ചെയ്യുവാൻ കഴിയുന്ന വരുമാനദായകമായ തൊഴിലിന് പ്രോത്സാഹനം നൽകുക.
- കുടുംബശ്രീ മാതൃകയിൽ ഉല്പന്നങ്ങള് നിർമ്മിച്ച് വിപണനം നടത്തുന്നതിന് പ്രോത്സാഹനം നൽകുക.

## വയോജന പരിപാലനം

- വയോജനങ്ങൾക്ക് പ്രതിമാസ പെൻഷന് നൽകുക.
- അനാഥരായ വയോജനങ്ങളുടെ പുനരധിവാസം ഉറപ്പാക്കുക.
- പരിചരണം ആവശ്യമായവർക്ക് പാലിയേറ്റീവ് കെയര് യൂണിറ്റുകളുടെ പരിചരണം ലഭ്യമാക്കുക.

## കൃഷി

- ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.
- പരിസ്ഥിതി സൗഹൃദപരമായ സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിലൂടെ ഭക്ഷ്യസുരക്ഷിതത്വവും, വരുമാനവും ഉറപ്പാക്കുക.
- കാർഷിക ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും മെച്ചപ്പെട്ട വില ലഭിക്കുന്നതിനും സഹായിക്കുക.
- പാട്ടകൃഷി പ്രോത്സാഹിപ്പിക്കുക.
- കർഷക തൊഴിലാളികൾക്ക് കൃഷി ഭൂമിയുടെ ലഭ്യത ഉറപ്പാക്കുക.

## ആരോഗ്യം

- മുഴുവൻ പട്ടികവിഭാഗക്കാർക്കും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക.
- രോഗബാധിതരായവർക്ക് ചികിത്സക്കായി ധനസഹായം നൽകുക.
- ഗർഭിണികളായ സ്ത്രീകൾക്ക് പോഷകാഹാരങ്ങള് ലഭ്യമാക്കുക.
- പാലിയേറ്റീവ് കെയറുമായി സഹകരിച്ച് വൃദ്ധജന പരിപാലനം ഉറപ്പാക്കുക.
- മാരകമായ രോഗങ്ങൾ ബാധിച്ചവര്ക്കും അത്യാഹിതങ്ങളിൽപ്പെട്ടവർക്കും പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം.

- പരിചരണം ആവശ്യമുള്ള വൃദ്ധർ, അനാഥർ, രോഗികൾ എന്നിവരെ പരിചരിക്കുവാന് പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് പ്രത്യേക ധനസഹായം.
- കോളനികളിലെ പോഷകാഹാരം, ആരോഗ്യപരിപാലനം എന്നിവയ്ക്കുള്ള പദ്ധതി
- കോളനികളിൽ സൗജന്യമായി വസ്ത്രം, ധാന്യങ്ങൾ എന്നിവയുടെ വിതരണം.
- കോളനികളിൽ സൗജന്യ മെഡിക്കല് ക്യാമ്പ്, കൗൺസിലിംഗ് എന്നിവ സംഘടിപ്പിക്കുക.
- ശാരീരിക-മാനസിക വൈകല്യമുള്ള കുട്ടികൾക്ക് വിദഗ്ധ ചികിത്സ.
- ഗർഭിണികള് മുലയൂട്ടുന്ന അമ്മമാര് എന്നിവർക്കായി ആരോഗ്യ മാർഗ്ഗനിർദ്ദേശ ക്ലാസ്സുകൾ.
- ആരോഗ്യ വകുപ്പുമായി സഹകരിച്ച് മൊബൈൽ മെഡിക്കല് കെയര് യൂണിറ്റുകൾ.
- പോഷകാഹാരങ്ങൾ വിതരണം നടത്തുന്നതിന് പ്രത്യേക പദ്ധതി.

## കലാ-സാംസ്കാരികം

- പരമ്പരാഗത കലാരൂപങ്ങൾ സംരക്ഷിക്കുന്ന പ്രവർത്തനങ്ങള് പ്രോത്സാഹിപ്പിക്കുക.
- കലാരംഗത്ത് വ്യക്തിമുദ്ര പതിച്ചവർക്കും കലാമേളകളിൽ വിജയിക്കുന്നവർക്കും സാമ്പത്തിക ഭദ്രത ഉറപ്പാക്കുക.
- കലാകാരന്മാർക്ക് തങ്ങളുടെ കലാരൂപങ്ങള് അവതരിപ്പിക്കുന്നതിന് വേദികള് ഉറപ്പാക്കുക.
- കലാമണ്ഡലത്തിന്റെ മാതൃകയിൽ പരമ്പരാഗത കലാരൂപങ്ങളില് പരിശീലനം നൽകുന്നതിനുള്ള സ്ഥാപനങ്ങള് ആരംഭിക്കുക.
- വാദ്യോപകരണങ്ങൾ ഇല്ലാത്ത വാദ്യ കലാകാരന്മാർക്ക് അവ ലഭ്യമാക്കുക.
- പരമ്പരാഗത കലാരൂപങ്ങൾ സംരക്ഷിക്കേണ്ടതിനെക്കുറിച്ച് ബോധവാന്മാരാക്കുക.

## കായികം

- കായിക പ്രതിഭകളെ കണ്ടെത്തി മെച്ചപ്പെട്ട പരിശീലനം ഉറപ്പാക്കുക.
- കായിക പ്രതിഭകൾക്ക് ആവശ്യമായ കായിക ഉപകരണങ്ങള് ലഭ്യമാക്കുക.
- കായിക മേഖലയിൽ വിജയം നേടുന്നവർക്ക് സാമ്പത്തിക സഹായങ്ങള് നൽകി പ്രോത്സാഹിപ്പിക്കുക.
- മെച്ചപ്പെട്ട പരിശീലനം നൽകുന്ന സ്ഥാപനങ്ങള് ആരംഭിക്കുക.
- വിദേശത്ത് പരിശീലനം ആവശ്യമാണെങ്കിൽ സഹായം നൽകുക.
- മെച്ചപ്പെട്ട പരിശീലനവും ഉന്നത വിദ്യാഭ്യാസവും നൽകുന്നതിനായി സ്പോർട്സ് അക്കാദമി സ്ഥാപിക്കുക.

## സാഹിത്യം

- സാഹിത്യ കൃതികൾ പുസ്തക രൂപത്തില് അച്ചടിക്കുവാന് സഹായിക്കുക.
- വകുപ്പിന്റെ പ്രവർത്തനങ്ങള് ജനങ്ങളില് എത്തിക്കുന്നതിനും സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി മാസികകള് പ്രസിദ്ധീകരിക്കുക.
- സാഹിത്യവാസന പരിപോഷിപ്പിക്കുന്നതിനായി സാഹിത്യകാരന്മാരുടെ കൂട്ടായ്മകള് സംഘടിപ്പിക്കുക.

## തദ്ദേശ സ്വയംഭരണം

- ക്ഷേമ പദ്ധതികൾ ഏറ്റവും അർഹരായവർക്കാണ് ലഭിച്ചതെന്ന് ഉറപ്പ് വരുത്തുക.
- ഭരണത്തിൽ പട്ടികവിഭാഗത്തിൽപ്പെട്ടവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക.
- ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ മുഴുവന് പേരുടേയും പങ്കാളിത്തം ഉറപ്പ് വരുത്തുക.
- വികസനോൻമുഖമായ പുതിയ പദ്ധതികള് ആവിഷ്കരിക്കുക.
- എല്ലാവർക്കും ഭൂമിയും, വീടും അനുവദിക്കുക.
- വീടിന്റെ അറ്റകുറ്റപണികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക.

- ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതു സംബന്ധിച്ച പരിശീലനം നൽകുക.
- 5 കുടുംബങ്ങൾ ഒന്നിച്ച് താമസിക്കുന്ന പ്രദേശങ്ങളില് വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമാക്കുക.

## നിയമ സേവനം

- പൗരാവകാശ സംരക്ഷണ നിയമത്തെക്കുറിച്ച് അറിവ് ലഭ്യമാക്കുക.
- ഗാർഹിക പീഢന നിയമത്തെക്കുറിച്ച് ബോധവത്കരണം നടത്തുക.
- ജാതി വ്യവസ്ഥ ഇല്ലാതാക്കുന്നതിനായി മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുക.
- അതിക്രമം തടയൽ നിവാരണ നിയമത്തെക്കുറിച്ച് വ്യാപക പ്രചരണം സംഘടിപ്പിക്കുക.

## പൊതു വിഷയങ്ങൾ

- സമ്പൂർണ്ണ സാക്ഷരത ഉറപ്പ് വരുത്തുക.
- വായനാശീലം വർദ്ധിപ്പിക്കുക.
- പരിസ്ഥിതി സംരക്ഷണം, പരിസര ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.
- വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെകുറിച്ച് അവബോധം സൃഷ്ടിക്കുക.
- പദ്ധതികളെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി വ്യാപക പ്രചരണം നടത്തുക.
- മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി പദാർത്ഥങ്ങള് തുടങ്ങിയവ ഉപയോഗിക്കുന്ന തിനെതിരെ ബോധവത്കരണം നടത്തുക.
- ആധാർ ലിങ്ക്ഡ് അക്കൗണ്ട് നിർബന്ധമാക്കി, ആനുകൂല്യങ്ങൾ പ്രസ്തുത അക്കൗണ്ടിലൂടെ വിതരണം നടത്തുക.
- ലക്ഷ്യജനവിഭാഗത്തെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളില് അംഗമാക്കുക.

- എല്ലാ സങ്കേതങ്ങളിലും/കുടുംബങ്ങൾക്കും, റോഡ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക

## കർമ്മ പരിപാടി

### വിദ്യാഭ്യാസം

- പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന് വിവിധ ആനുകൂല്യങ്ങള് നല്കുക.
- പ്രീ മെട്രിക് വിദ്യാഭ്യാസത്തിന് ധനസഹായം നല്കുക
- അതീവ ദുർബല വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക ധനസഹായം നൽകുക.
- ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടുന്ന കുട്ടികൾക്ക് പ്രാരംഭ പഠനോപകരണങ്ങള്, വസ്ത്രങ്ങൾ, ഫീസാനുകൂല്യങ്ങൾ, ധനസഹായം നൽകുക
- അൺ എയ്ഡഡ് സ്കൂള് വിദ്യാർത്ഥികൾക്ക് ട്യൂഷന് ഫീസ്
- ഗ്രേഡിന്റെ അടിസ്ഥാനത്തിൽ പത്താം ക്ലാസുവരെ പ്രത്യേക സ്കോളർഷിപ്പ് നൽകുക
- മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി കൂടുതൽ മോഡൽ റസിഡൻഷ്യല് സ്കൂളുകള് ആരംഭിക്കുക.
- ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷന് തലങ്ങളില് പ്രീ മെട്രിക് ഹോസ്റ്റലുകള് ആരംഭിക്കുക
- സന്നദ്ധ സംഘടനകൾ നടത്തുന്ന ഹോസ്റ്റലുകളില് താമസിക്കുന്നതിന് ധനസഹായം നൽകുക
- അധ്യയന വർഷാരംഭത്തിന് മുന്നോടിയായി സൗജന്യ കരിയർ ഗൈഡൻസ്, മോട്ടിവേഷൻ ക്ലാസ്സുകള് സംഘടിപ്പിക്കുക.
- പത്താം ക്ലാസ്സ് പാസ്സായശേഷം ഉപരിപഠന പ്രാരംഭ ചെലവുകൾക്ക് ധനസഹായം നൽകുക

- പ്ലസ് വൺ മുതല് ബിരുദാനന്തര കോഴ്സുകള് വരെ പഠനം നടത്തുന്നതിന് ധനസഹായം നൽകുക
- ഗവേഷക വിദ്യാർത്ഥികൾക്ക് യു.ജി.സി. യുടെ 75% നിരക്കിൽ ഫെല്ലോഷിപ്പ് നൽകുക
- പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് താമസിക്കുന്നതിന് വകുപ്പുതല ഹോസ്റ്റലുകൾ ആരംഭിക്കുക
- ഹോസ്റ്റൽ സൗകര്യം ഇല്ലാത്ത സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് പ്രതിമാസ ബോർഡിങ്ങ് ഗ്രാന്റ് നൽകുക
- വിവിധ വാർഷിക പരീക്ഷകളില് ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി ആരംഭിക്കുക
- മെഡിക്കൽ/എൻജിനീയറിങ്ങ് പ്രവേശന പരീക്ഷയില് ഒന്നാം റാങ്കും പ്ലസ് 2 /എസ്.എസ്.എൽ.സി. പരീക്ഷകളിൽ എ പ്ലസ് നേടുന്നവർക്കും സ്വർണ്ണമെഡല് നൽകുക
- അധഃസ്ഥിതരുടെ മോചനത്തിനായി പ്രവർത്തിച്ച മഹാന്മാരുടെ ജീവിതവും ദർശനവും പാഠ്യവിഷയമാക്കുക.
- മെഡിക്കൽ/എൻജിനീയറിങ്ങ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനത്തിന് ധനസഹായം നൽകുക.
- സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളില് പഠിക്കുന്നവർക്ക് ആനുകൂല്യം നൽകുക
- മെഡിക്കൽ/എൻജിനീയറിംഗ് കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ് അനുവദിക്കുക
- മെഡിക്കൽ/എൻജിനീയറിംഗ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് അനുവദിക്കുക
- സർക്കാര്/സർക്കാര് അംഗീകൃത സ്ഥാപനങ്ങളില് ഈവനിംഗ് കോഴ്സ് സർവകലാശാലകളുടെ വിദൂര വിദ്യാഭ്യാസ കോഴ്സുകള് എന്നിവയിൽ പഠിക്കുന്നതിന് ധനസഹായം നൽകുക

- കേരളത്തിൽ ഇല്ലാത്ത കോഴ്സുകള് അന്യസംസ്ഥാനങ്ങളില് പഠിക്കുന്നതിന് ധനസഹായം നൽകുക
- വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം നടത്തുന്നതിന് ധനസഹായം നൽകുക
- പാരലൽ കോളേജ് പഠനത്തിന് ധനസഹായം നൽകുക
- കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ അംഗീകാരമുള്ള സ്വകാര്യ സ്ഥാപനങ്ങളില് മത്സരപരീക്ഷകൾ (UPSC/PSC etc.) തൊഴിലധിഷ്ഠിത ദീർഘ – ഹ്രസ്വകാല കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിക്കുക
- വിവിധ മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് പ്രീ എക്സാമിനേഷന് ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുക
- അഖിലേന്ത്യാ സർവീസിലേക്കുള്ള മത്സരപരീക്ഷകൾക്ക് പ്രത്യേക പരിശീലനം നൽകുക
- പാരാ മെഡിക്കൽ കോഴ്സുകള് പഠിക്കുന്നവർക്ക് ധനസഹായം നൽകുക
- വിദ്യാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിന് സെന്റര് ഓഫ് എക്സലൻസ് ആരംഭിക്കുക
- സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിനായി മോഡല് റസിഡൻഷ്യല് പോളി ടെക്നിക്കുകൾ ആരംഭിക്കുക
- പ്രൊഫഷണൽ കോഴ്സുകള് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് ധനസഹായം നൽകുക
- മെഡിക്കൽ/എൻജിനീയറിംഗ് പ്രവേശന പരീക്ഷകള്ക്ക് പ്രാപ്തരാക്കുന്നതിനായി ബോർഡിംഗ് സ്കൂളുകളോട് അനുബന്ധിച്ച് പ്രത്യേക പരിശീലന പദ്ധതി ആരംഭിക്കുക
- ഹൈടെക് കോഴ്സ് പരിശീലനത്തിനായി കമ്മ്യൂണിറ്റി കോളേജ് ആരംഭിക്കുക
- വിജ്ഞാൻ വാടികളില് കണക്ക്, ഇംഗ്ലീഷ്, സയൻസ് വിഷയങ്ങൾക്ക് സർവ്വീസിൽ നിന്ന് വിരമിച്ച അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തി ട്യൂഷന് നൽകുക

## സാമൂഹിക ക്ഷേമം

- പെൺകുട്ടികളുടെ വിവാഹത്തിനായി ധനസഹായം നൽകുക
- മിശ്ര വിവാഹിതരായ ദമ്പതിമാർക്ക് ധനസഹായം നൽകുക
- ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുക
- ഭവന രഹിതരായവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുക
- ഭൂമി ലഭിക്കുവാന് പ്രയാസമുള്ള സ്ഥലങ്ങളില് സർക്കാര് ഏജൻസികളുടെ സഹായത്തോടെ ഭൂമി വാങ്ങി ഫ്ലാറ്റ് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുക.
- ദുർബ്ബല വിഭാഗങ്ങൾക്ക് പ്രത്യേക പുനരധിവാസ പദ്ധതി പ്രകാരം ധനസഹായം
- പട്ടിക വിഭാഗത്തിൽപ്പെട്ടവരെ (അനാഥർ, വൃദ്ധർ, അവിവാഹിതരായ അമ്മമാര്) പുനരധിവസിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ
- ടോയ്ലറ്റ് നിർമ്മിക്കുന്നതിന് ധനസഹായം നല്കുക.
- ശ്മശാനം ഇല്ലാത്ത കോളനികളിൽ ശ്മശാനം നിർമ്മിക്കുന്നതിന് ധനസഹായം നല്കുക.
- അനാഥർ, വൃദ്ധരായവർ, മറ്റ് ആരും സഹായിക്കാനില്ലാത്തവർ എന്നിവരെ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ പുനരധിവസിപ്പിക്കുക
- സർക്കാര്/പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തുന്ന പരീക്ഷകളിലും ഇന്റർവ്യൂവുകളിലും പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് യാത്രാബത്ത ആരംഭിക്കുക

## തൊഴിൽ

- തൊഴിൽ സംരംഭങ്ങള് ആരംഭിക്കുന്നതിന് ബാങ്കില് നിന്നുള്ള വായ്പകൾക്ക് സബ്സിഡി നൽകുക
- നിയമബിരുദം നേടി അഡ്വേക്കേറ്റായി പ്രാക്ടീസ് ചെയ്യുന്നവർക്ക് ധനസഹായം ആരംഭിക്കുക

- ഐ.ടി.ഐ., ഡിപ്ലോമ, എഞ്ചിനീയറിംഗ് ഡിഗ്രി എന്നിവ പാസ്സായവർക്ക് അപ്രന്റീസ്ഷിപ്പ് നൽകുക
- ഐ.ടി.ഐ. കളിൽ വിവിധ ട്രേഡുകള് പാസ്സായിട്ടുള്ളവർക്ക് പണി ആയുധങ്ങള് വാങ്ങുന്നതിന് ധനസഹായം ആരംഭിക്കുക

## കുട്ടികളുടെ സംരക്ഷണം

- മുഴുവൻ കുട്ടികൾക്കും വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങള് ആരംഭിക്കുക
- പ്രാരംഭ വിദ്യാഭ്യാസത്തിനും തുടർ പഠനത്തിനും ആവശ്യമായ പഠനോപകരണങ്ങള്, വസ്ത്രം, സാമ്പത്തിക സഹായം എല്ലാപേർക്കും ലഭ്യമാക്കുക
- വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളേയും രക്ഷിതാക്കളേയും ബോധവാന്മാരാക്കുക
- പ്രാഥമിക വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിന് വിപുലമായ പ്രചരണം നടത്തുക
- ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിന് പോഷകാഹാരങ്ങള് നൽകുക
- കുട്ടികൾക്കും കൗമാരക്കാർക്കും സോഫ്റ്റ് സ്കില് വികസനം, ബോധവത്കരണം നൽകുക
- ദുർബല വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസം കർശനമായും ഉറപ്പ് വരുത്തുക.
- സ്വകാര്യ ബോർഡിങ്ങ് സ്കൂളില് ചേർന്ന് പഠിക്കുന്നതിന് സഹായം നൽകുക
- ഹോസ്റ്റലുകളിൽ താമസിക്കുന്നതിന് ധനസഹായം നൽകുക
- കുട്ടികളുടെ പഠന സ്വഭാവ വൈകല്യങ്ങൾ പരിഹരിക്കുന്നതിന് പ്രൊഫഷണൽ കൗൺസിലിംഗ് നൽകുക

## സ്ത്രീ ശാക്തീകരണം

- ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീകൾ, വിധവകൾ നയിക്കുന്ന കുടുംബങ്ങള് എന്നിവർക്ക് വരുമാനദായക സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം ആരംഭിക്കുക
- പട്ടികജാതിയിൽപ്പെട്ട സ്ത്രീകൾക്ക് കുടുംബശ്രീ, മറ്റ് സ്വാശ്രയ സംഘങ്ങൾ മുഖേന ചെറുകിട പദ്ധതികളിൽ ഏർപ്പെടുന്നതിന് പ്രോത്സാഹനം നൽകുക
- ഓരോ പ്രദേശത്തിനും അനുയോജ്യമായി വീട്ടിലിരുന്ന് ചെയ്യാന് പാകത്തിലുള്ള ചെറുകിട വ്യവസായങ്ങൾക്ക് പരിശീലനം, പ്രോത്സാഹനം നൽകുക
- പട്ടികവിഭാഗക്കാരുടെ പരമ്പരാഗത ഉൽപ്പന്നങ്ങള് വിറ്റഴിക്കുന്നതിന് സഞ്ചരിക്കുന്ന വിപണന കേന്ദ്രങ്ങൾ ആരംഭിക്കുക

## വയോജന പരിപാലനം

- വയോജനങ്ങൾക്ക് പ്രതിമാസം പെൻഷന് നൽകുക
- അനാഥരായ വയോജനങ്ങളുടെ പുനരധിവാസം ഉറപ്പാക്കുക
- പരിചരണം ആവശ്യമായവർക്ക് പാലിയേറ്റീവ് കെയര് യൂണിറ്റുകളുടെ പരിചരണം ലഭ്യമാക്കുക
- പാലിയേറ്റീവ് കെയറുമായി സഹകരിച്ച് വൃദ്ധ പരിചരണത്തിന് പരിശീലനം .
- ഭക്ഷണം നൽകുവാന് കുടുംബശ്രീ മുഖേന പ്രത്യേകം പദ്ധതി ആരംഭിക്കുക

## കല - സാംസ്കാരികം

- തനതു കലകളെ പരിപോഷിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കലാമേളകൾ സംഘടിപ്പിക്കുക
- കലാകാരന്മാർക്ക് വാദ്യോപകരണങ്ങള് വാങ്ങാന് ധനസഹായം നൽകുക
- നാടൻകല/തനത് കലകളെ പരിപോഷിപ്പിക്കാൻ വ്യക്തികൾക്കും സംഘടനകൾക്കും ധനസഹായം നൽകുക.

- പാരമ്പര്യ ഉല്പന്നങ്ങൾക്കും സ്വയം സഹായ സംഘങ്ങളുടെ ഉല്പന്നങ്ങൾക്കും വിപണി കണ്ടെത്തുന്നതിന് ധനസഹായവും വിപണനമേളയും ആരംഭിക്കുക
- സ്കൂൾ കലാമേളകളില് എ ഗ്രേഡ് നേടുന്നവർക്ക് പ്രത്യേക ധനസഹായം നൽകുക

## കായികം

- കായിക മേഖലകളിൽ മികവ് പുലർത്തുന്നവർക്ക് സ്പോർട്സ് ഉപകരണങ്ങള് നൽകുക
- ദേശീയ/അന്തർദ്ദേശീയ/സംസ്ഥാന കായികമേളകളിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് ധനസഹായം നൽകുക
- കായികമേഖലയില് മികവ് പുലർത്തുന്നവർക്ക് പ്രത്യേക പരിശീലനം നൽകുക
- മെച്ചപ്പെട്ട പരിശീലനവും അതോടൊപ്പം ഉന്നത വിദ്യാഭ്യാസവും ഉറപ്പാക്കുന്നതിന് സ്പോർട്സ് അക്കാഡമി ആരംഭിക്കുക

## സാഹിത്യം

- സാഹിത്യ കൃതികൾ അച്ചടിക്കുന്നതിന് ധനസഹായം നൽകുക
- വകുപ്പ് പ്രവർത്തനങ്ങള് സാധാരണ ജനങ്ങളില് എത്തിക്കുന്നതിനും സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രസിദ്ധീകരണങ്ങൾ തുടങ്ങുക
- സാഹിത്യവാസന പരിപോഷിപ്പിക്കുന്നതിനായി സാഹിത്യ ശില്പശാല സംഘടിപ്പിക്കുക

## തദ്ദേശ സ്വയംഭരണം

- ക്ഷേമ പ്രവർത്തനങ്ങളില് തദ്ദേശസ്വയംഭരണ സർക്കാരുകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക
- ക്ഷേമ പദ്ധതികളിൽ ഏറ്റവും അർഹരായവർക്കാണ് ലഭിച്ചതെന്ന് ഉറപ്പ് വരുത്തുക
- ഭരണത്തിൽ പട്ടിക വിഭാഗത്തിൽപ്പെട്ട പങ്കാളിത്തം വർദ്ധിപ്പിക്കുക

- ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ മുഴുവന് പേരുടേയും പങ്കാളിത്തം ഉറപ്പ് വരുത്തുക
- വികസനോൻമുഖമായ പുതിയ പദ്ധതികള് ആവിഷ്കരിക്കുക
- പെൺകുട്ടികളുടെ വിവാഹത്തിനായി ധനസഹായം നൽകുക
- മിശ്ര വിവാഹിതരായ ദമ്പതിമാർക്ക് ധനസഹായം നൽകുക
- ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുക
- ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുക

## നിയമാധിഷ്ഠിത സേവനങ്ങൾ

- 1995-ലെ പൗരാവകാശ സംരക്ഷണ നിയമ ബോധവത്കരണം നൽകുക
- ഗാർഹിക പീഡന നിയമത്തെക്കുറിച്ച് ബോധവത്കരണം നൽകുക
- പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊട്ടുകൂടായ്മ അടക്കമുള്ള അനാചാരങ്ങൾക്കെതിരെ ബോധവത്കരണം.
- മിശ്രവിവാഹിതർക്ക് സാമ്പത്തിക സഹായം അനുവദിക്കുക

## പൊതു വിഷയങ്ങൾ

- സമ്പൂർണ്ണ സാക്ഷരത ഉറപ്പ് വരുത്തുക
- വായനാശീലം വർദ്ധിപ്പിക്കുക
- പദ്ധതികളെക്കുറിച്ച് മാധ്യമങ്ങളിലൂടെ നിരന്തരം അറിയിപ്പ് നൽകുക
- പരിസ്ഥിതി സംരക്ഷണം, പരിസര ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക
- വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം അവബോധം സൃഷ്ടിക്കുക
- Aadhar linked Bank Account ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുക

- എല്ലാ സങ്കേതങ്ങളിലും വൈദ്യുതി, റോഡ്, കുടിവെള്ളം തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുക

## അവലോകനം

1. കേരള സർക്കാരിന്റെ എല്ലാ പദ്ധതികളിലും പ്രവർത്തനങ്ങളിലും കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും പരിപാടി കളിലും ഈ നയത്തിന് അനുപൂരകമായ പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. ഇതിനാവശ്യമായ പിന്തുണ സംസ്ഥാന പട്ടികജാതി വികസന വകുപ്പ് നൽകേണ്ടതാണ്.

2. പട്ടികജാതി വികസന നയം നടപ്പാക്കുന്നതിനായി സംസ്ഥാനതലത്തില് മുഖ്യമന്ത്രി ചെയർമാനും പട്ടികജാതി വികസന വകുപ്പ് മന്ത്രി വൈസ് ചെയർമാനും, ചീഫ് സെക്രട്ടറി കൺവീനറും, പട്ടികജാതി വികസന വകുപ്പ് സെക്രട്ടറി ജോയിന്റ് കൺവീനറും പട്ടിക വിഭാഗത്തിൽപ്പെട്ട എല്ലാ മന്ത്രിമാരും MLAമാർ MPമാർ എന്നിവര് അംഗങ്ങളുമായ ഒരു ആസൂത്രണ വിലയിരുത്തല് സമിതി ഉണ്ടായിരിക്കേണ്ടതാണ്.

3. സംസ്ഥാന സർക്കാരിന്റെ മറ്റ് നയപരിപാടികളുമായോ പദ്ധതികളുമായോ പട്ടികജാതി വികസന നയത്തിന് ഏതെങ്കിലും നയ വ്യത്യാസമോ പൊരുത്തക്കേടോ ഉണ്ടെങ്കിൽ അത്തരം കാര്യങ്ങളിൽ സംസ്ഥാനതല ആസൂത്രണ – വിലയിരുത്തല് സമിതി കൈക്കൊള്ളുന്ന തീരുമാനം അന്തിമമായിരിക്കും.

4. പട്ടികജാതി വികസന നയത്തിന്റെ സംസ്ഥാനതല മോണിറ്ററിംഗ് സമിതിയായി പട്ടികജാതി വികസന വകുപ്പ് പ്രവർത്തിക്കുന്നതാണ്.

5. ജില്ലാതലത്തിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും ജില്ലാ കളക്ടര് കൺവീനറായും ജില്ലാ പട്ടികജാതി വികസന ആഫീസര് ജോയിന്റ് കൺവീനറായും, വിവിധ പട്ടികജാതി സംഘടനാ പ്രതിനിധികൾ, എസ്.എ.സി, എ.സി പ്രതിനിധികൾ എന്നിവർ അംഗങ്ങളായും മോണിറ്ററിംഗ് - വിലയിരുത്തൽ സമിതികള് രൂപീകരിക്കേണ്ടതാണ്.

6. ബ്ലോക്ക്/മുൻസിപ്പല്/കോർപ്പറേഷന് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/മുൻസിപ്പല് ചെയർമാന്/മേയർ അദ്ധ്യക്ഷനായും ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ/മുൻസിപ്പല് പട്ടികജാതി വികസന ആഫീസര്/കോർപ്പറേഷന് പട്ടികജാതി വികസന ആഫീസർ കൺവീനറായും വിവിധ യുവജന രാഷ്ട്രീയ

സംഘടനാ പ്രതിനിധികൾ, പഞ്ചായത്ത് പ്രസിഡന്റുമാര് എന്നിവര് അംഗങ്ങളായും മോണിറ്ററിംഗ് - വിലയിരുത്തൽ സമിതികള് രൂപീകരിക്കേണ്ടതാണ്.

7. സംസ്ഥാനതല ആസൂത്രണ വിലയിരുത്തൽ സമിതി വർഷത്തില് കുറഞ്ഞത് രണ്ട് തവണയും സംസ്ഥാനതല മോണിറ്ററിംഗ് സമിതി ജില്ലാ/ബ്ലോക്ക്/മുൻസിപ്പല്/ കോർപ്പറേഷന് തല മോണിറ്ററിംഗ് വിലയിരുത്തല് സമിതികള് കുറഞ്ഞത് 3 മാസത്തിൽ ഒരിക്കലും യോഗം ചേരേണ്ടതാണ്.

## 11. പുനരവലോകനം

ഓരോ വർഷം കൂടുമ്പോഴോ സർക്കാര് നിശ്ചയിക്കുന്ന മുറയ്ക്കോ ഈ നയം പുനരവലോകനത്തിന് വിധേയമാക്കാവുന്നതും ആവശ്യമായ ഭേദഗതികൾ വരുത്താവുന്നതുമാണ്.